പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 223

30.11.2015 ൽ മറുപടിയ്ക്ക്

**മത്സ്യ തൊഴിലാളികളെ കൊലപ്പെടുത്തിയ കേസിൽ കൈക്കൊണ്ട നടപടികൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) പട്ടണക്കാട് സ്വദേശികളും മത്സ്യ തൊഴിലാളികളുമായിരുന്ന ജോൺസൺ, സുബിൻ എന്നിവരെ 13.11.2015-ൽ ഒറ്റമശ്ശേരിയിൽ വച്ച് ക്വട്ടേഷൻ സംഘം ടിപ്പർ ലോറിയിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതികൾക്കെതിരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; ഈ കേസിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; പ്രതികളാരെന്ന് വളരെ വ്യക്തമായ സാഹചര്യത്തിൽ അറസ്റ്റ് വൈകിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) 13.11.2015 തീയതി പട്ടണക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഒറ്റമശ്ശേരി എന്ന സ്ഥലത്ത് വച്ച് ഷിജി എന്ന് വിളിക്കുന്ന ജോൺസനേയും സുബിൻ എന്ന് വിളിക്കുന്ന ജസ്റ്റിനേയും മുൻ വൈരാഗ്യം നിമിത്തം ലോറി ഇടിപ്പിച്ച് കൊലപ്പെടുത്തിയ സംഭവം സംബന്ധിച്ച് പട്ടണക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നം. 1090/2015 u/s 143, 147, 148, 149, 302 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ടി കേസിലെ മൂന്നാം പ്രതിയും വാഹനത്തിന്റെ ലോറി ഡ്രൈവറുമായ സിബുവിനേയും കൃത്യത്തിനുപയോഗിച്ച KL02 AN 5563 ാം നമ്പർ ലോറി സഹിതം അന്നേ ദിവസം തന്നെ പിടികൂടി അറസ്റ്റ് രേഖപ്പെടുത്തി യിട്ടുള്ളതും ബഹു. കോടതി 14 ദിവസത്തേക്ക് റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ടി കേസിൽ 1. ജേക്കബ് മകൻ പോൾസൺ, 2. ടിയാന്റെ സഹോദരൻ ടാലിഷ്, 3. പുരുഷൻ മകൻ ഉമ്പി എന്നും കുമ്മട്ടി എന്നും വിളിക്കുന്ന സിബു, 4. അശോകൻ മകൻ അജേഷ്, 5. അശോകൻ മകൻ വിജേഷ് എന്നിവർ നേരിട്ട് കുറ്റകൃത്യത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വെളിവായിട്ടുണ്ട്. 1 മുതൽ 5 വരെ പ്രതികളിൽ മൂന്നാം പ്രതി ഒഴികെയുള്ളവർ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനായി കുത്തിയതോട് പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പതിനഞ്ചംഗ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്. ഇതിൽ മൂന്നാം പ്രതി ഒഴികെയുള്ളവരെ ഒളിവിൽ കഴിയുന്നതിനും രക്ഷപ്പെടുന്നതിനും സഹായിച്ചിട്ടുള്ളവരുമായ നാരായണൻ മകൻ ബിജിലാൽ, പ്രകാശൻ മകൻ അനിൽ, പ്രകാശൻ മകൻ സനൽകുമാർ എന്നിവരെ |

... 2

യഥാക്രമം 6 മുതൽ 8 വരെ ടി കേസിൽ പ്രതികളാക്കിയിട്ടുള്ളതും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം അന്യസംസ്ഥാനങ്ങളിൽ ഉൾപ്പെടെ നടത്തി വരുന്നു.

(ബി) നിർധനരായ രണ്ട് മത്സ്യ തൊഴിലാളികളെ ദാരുണമായി കൊലപ്പെടുത്തിയ ഈ സംഭവത്തിന് കാരണമായ സംഭവങ്ങളും അന്ധകാരനഴി മേഖലയിലെ ക്വട്ടേഷൻ-ഗുണ്ടാ ഭീഷണി ജനജീവിതത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകളും പരാതിയായി നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എത്രപേരെ എന്നെല്ലാം ചോദ്യം ചെയ്തിരുന്നുവെന്നും എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് ചേർത്തല ഡി.വൈ.എസ്.പി ക്കും, കുത്തിയതോട് സർക്കിൾ ഇൻസ്പെക്ടർക്കും ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും 9.11.2015 തീയതി പരാതിക്കാരേയും സമീപവാസിയേയും കണ്ട് ചോദിച്ചിട്ടുള്ളതും വിവരങ്ങൾ ആരാഞ്ഞിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പരാതിയിലെ എതിർകക്ഷികളായ പോൾസണേയും ടാലിഷിനേയും നേരിൽ കാണുവാൻ സാധിച്ചിട്ടില്ലാത്തതും ടിയാൻമാരുടെ വാസസ്ഥലം പൂട്ടിക്കിടക്കുന്നതായി കാണപ്പെടുകയും ചെയ്തു. ടി പരാതി സംബന്ധിച്ച് ആരെയും തന്നെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത പരാതിയിൽ നടപടികൾ സ്വീകരിക്കാതെ വീഴ്ചവരുത്തുകയും രണ്ട് പാവപ്പെട്ട മത്സ്യതൊഴിലാളികളെ ക്രൂരമായി കൊലചെയ്യാൻ അവസര മുണ്ടാക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

(സി) പ്രസ്തുത പരാതികളുടെ അന്വേഷണവുമായും, തുടർന്നുള്ള സംഭവങ്ങളുമായും ബന്ധപ്പെട്ട് പോലീസിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നുള്ള സമഗ്രമായ അന്വേഷണം നടത്തുന്നതിന് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ